**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഗതാഗത രംഗത്ത് കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം ഗതാഗത രംഗത്ത് നിലവിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗതാഗതരംഗത്ത് കെ.എസ്.ആർ.ടി.സി. യും സംസ്ഥാന ഗതാഗത വകുപ്പും കൈവരിച്ച നേട്ടങ്ങൾ നിസ്തുലമാണ്. ആയതിൽ കെഎസ്.ആർ.ടി.സി. കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ലഭ്യമാക്കിയതിലൂടെ പ്രതിദിനയാത്രക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2023-ൽ ശരാശരി പ്രതിദിനയാത്രക്കാരുടെ എണ്ണം 19.35ലക്ഷമായിരുന്നത് 2024-ൽ 19.95 ലക്ഷത്തിലേയ്ക്ക് വർദ്ധിച്ചിട്ടുണ്ട്. 2025 ജനുവരി മുതൽ ആഗസ്റ്റ് വരെ ശരാശരി പ്രതിദിനയാത്രക്കാരുടെ എണ്ണം 19.87 ലക്ഷമാണ്. തുടർന്നുള്ള മാസങ്ങളിലും ശബരിമല തീർത്ഥാടനകാലം ആരംഭിക്കുന്ന നവംബർ, ഡിസംബർ മാസങ്ങളിലും കൂടുതൽ യാത്രക്കാരെ പ്രതീക്ഷിക്കുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. യെ സംബന്ധിച്ച് വരുമാനത്തിൽ വലിയൊരു വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022-23-ലെ ശരാശരി പ്രതിദിന വരുമാനം 6.60 കോടി രൂപയായിരുന്നു. (operating Revenue - 6.10 കോടി, Non Operating Revenue - 0.50 കോടി രൂപ) ആയത് 2023-24-ൽ 7.65കോടി രൂപയായും (operating Revene - 6.80 കോടി, Non Operating Revenue - 0.85 കോടി രൂപ) 2024-25 ൽ 7.79 കോടി രൂപയായും (operating Revenue - 6.88 കോടി, Non Operating Revene - 0.91 കോടിരൂപ) 2025-26 ൽ (ആഗസ്റ്റ് 2025 വരെ) 7.81 കോടി (operating Revene – 6.91കോടി, Non Operating Revene - 0.90 കോടി രൂപ) രൂപയായും |

വർദ്ധിച്ചിട്ടുണ്ട് . വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് മൂലം പ്രതിദിന operating loss കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2022-23-ൽ ശരാശരി പ്രതിദിന operating loss 95 ലക്ഷം രൂപയായിരുന്നത് 2023-24-ൽ 82.84 ലക്ഷം രൂപയായും 2024-25 - ൽ 66.85 ലക്ഷം രൂപയായും കുറഞ്ഞിട്ടുണ്ട്. 08.09.2025-ൽ ടിക്കറ്റ്കളക്ഷനായി (ഓപ്പറേറ്റിംഗ്റവന്യൂ) ലഭിച്ച 10.19കോടി രൂപ കെ.എസ്.ആർ.ടി.സി. യുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിദിന വരുമാനമാണ്.

കിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കോർപ്പറേഷനിലെ നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണമായും ഒഴിവാക്കുകയോ ജനോപകാര പ്രദമായി പുനഃക്രമീകരിക്കുകയോ, സ്റ്റേ സർവിസുകൾ ആക്കിമാറ്റുകയോ, യൂണിറ്റ് മാറ്റിഓപ്പറേറ്റ് ചെയ്തു ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനായി താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. മോട്ടോർവാഹന വകുപ്പുമായി സംയുക്തമായി സംഘടിപ്പിച്ച മോട്ടോ എക്സ്പോ TRANSPO-2025, 22.08.2025 മുതൽ 24.08.2025 വരെ തിരുവനന്തപുരം കനകക്കുന്നിൽ വച്ച് നടത്തുകയും പ്രസ്തുത എക്സ്പോയിൽ കെ.എസ്. ആർ.ടി.സി. പുതുതായി പുറത്തിറക്കിയ വിവിധ ശ്രേണിയിലുള്ള ബസ്സുകളുടെയും ഇതര വാഹനങ്ങളുടെയും പ്രദർശനം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി, ഗരുഡ പ്രീമിയം എ.സി, എ.സി സൂപ്പർ ഫാസ്റ്റ്, ഗരുഡവോൾവോ മൾട്ടി ആക്സിൽ, ഗരുഡ വോൾവോ എ.സി മൾട്ടി ആക്സിൽ സ്ലീപ്പർ, എ.സി സീറ്റർ, എ.സി സ്ലീപ്പർ, എ.സി സീറ്റർകം-സ്ലീപ്പർ, പ്രീമിയം സൂപ്പർഫാസ്റ്റ്, ഗ്രാമീണ മിനി ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ് എന്നീ പുതിയതരം ബസ്സുകൾനിരത്തിലിറക്കി സർവ്വീസുകൾവിജയകരമായി നടത്തിവരുന്നു.

തിരുവനന്തപുരം നഗരത്തിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് തുറന്ന ഇരുനില ബസ്സിൽ നഗരം ചുറ്റിക്കാണാൻ ഓപ്പൺ ഡബിൾഡക്കർ ബസ്സുകൾ എന്ന നിലയിൽ പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് ബസുകൾ അത്യാധുനിക

സംവിധാനങ്ങളോട്ടു കൂടി സ്മാർട്ട്സിറ്റി പദ്ധതി വഴി പുതിയ ഡിസൈനിൽ രണ്ട് ബസ്സുകൾആരംഭിച്ചു.

കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പിൽ രൂപമാറ്റം വരുത്തിയും ഗ്ലാസ് നിർമ്മിതവുമായ ഡീസൽ ഡബിൾ ഡക്കർ ബസ് "റോയൽ വ്യൂ ഡബിൾ ഡക്കർ" എന്ന ബ്രാൻറ് നാമത്തിൽ മൂന്നാർ, എറണാകുളം എന്നിവിടങ്ങളിൽ സർവ്വീസ് നടത്തിവരുന്നു. ഉപയോഗിക്കാതെ കിടന്ന ബസ്സുകൾ മികച്ച രീതിയിൽ അറ്റകുറ്റപണികൾ തീർത്ത് ബഡ്ജറ്റ് ടൂർ കൂടാതെ വിവാഹങ്ങൾ, യോഗങ്ങൾ, മറ്റു സ്വകാര്യ പരിപാടികൾ എന്നിവയുൾപ്പെടെ വിവിധ ആവശ്യങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാടകയ്ക്ക് നൽകുന്നതിന് ആകർഷകമായി നിരക്കുകൾ കുറച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കി വരുമാനം വർദ്ധിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു.
ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറക്കുന്നതിനും ഭാഷാ പ്രശ്നമില്ലാതെ അയൽസംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ സ്ഥലം മനസ്സിലാക്കുവാൻ കഴിയുന്നതുമായ തരത്തിൽ ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമ (ഡെസ്റ്റിനേഷൻ)നമ്പർ കൂടി ഉൾപ്പെടുത്തുകയുണ്ടായി.

അന്തർസംസ്ഥാന സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനായി ലക്ഷ്വറി ബസ്സുകൾ ഉൾപ്പെടെയുള്ള വിവിധ ശ്രേണിയിലുള്ള ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. പുതുതായി ലഭ്യമാക്കിയ വോൾവോ ലക്ഷ്വറി, എ.സി സ്ലീപ്പർ, എ.സി. സ്ലീപ്പർ കംസീറ്റർ, എ.സി. സ്ലീപ്പർ, എ.സി.സീറ്റർ, സൂപ്പർ ഫാസ്റ്റ് എന്നീതരം ബസ്സുകൾ ഉപയോഗിച്ച് പുതിയ അന്തർസംസ്ഥാന സർവീസുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

സ്റ്റുഡന്റ്സ് കൺസഷൻ ഓൺലൈൻ ആക്കുക വഴി വിദ്യാർത്ഥികൾക്ക് ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന അസൗകര്യങ്ങൾ ഒഴിവാകുകയും സുഗമവും സുതാര്യവുമായിമാറുകയും ചെയ്തു സ്റ്റുഡന്റ്സ് RFID കാർഡുകളും ആരംഭിച്ചിട്ടുണ്ട്.
സംസ്ഥാനത്ത് പൊതു ഗതാഗതസൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി മെക്കാനിക്കൽ സെക്ഷൻ മുഖാന്തിരം നിലവിൽ സർവ്വീസിന് ഉപയോഗിച്ചുവരുന്ന സൂപ്പർ ക്ലാസ്സ്ബസ്സുകൾ എല്ലാ വിധ അറ്റകുറ്റപണികളും നടത്തി റീഫർബിഷിംഗ് പൂർത്തീകരിച്ച് 95 ബസ്സുകൾ

നിരത്തിലിറക്കിയിട്ടുണ്ട്.
വിനോദ സഞ്ചാരികളുടെ ആവശ്യത്തിലേയ്ക്കായി ഒരു ഡബിൾ ഡക്കർ ബസ് പരിവർത്തനം നടത്തി മൂന്നാറിൽ സർവ്വീസ് നടത്തുന്നതിന് സജ്ജമാക്കി നൽകിയിട്ടുണ്ട്. ഉടൻ തന്നെ രണ്ടാമത്തെ ഡബിൾ ഡക്കർ ബസ് പരിവർത്തനം പൂർത്തീകരിച്ച് വിനോദസഞ്ചാരികളുടെ ആവശ്യാർത്ഥം സർവ്വീസ് നടത്തുന്നതിന് നിരത്തിലിറക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. യുടെ വരു മാനം വർദ്ധിപ്പിച്ച് ചെലവ് കുറയ്ക്കുന്നതിനായി ബസുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിച്ച് ഡോക്ക് നിയന്ത്രിക്കുന്നതിനുള്ള നടപടിക്രമം സ്വീകരിച്ചതിന്റെ ഭാഗമായി 2024 ആഗസ്റ്റ് മാസത്തെ ശരാശരി ഓഫ്റോഡ് 543 എണ്ണം (ഓഫ്റോഡ് ശതമാനം - 9.83%) ആയിരുന്നത് 2025ആഗസ്റ്റ് മാസം 467 എണ്ണം (ഓഫ്റോഡ് ശതമാനം - 8.45%) ആയി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.
സെൻട്രൽ /റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർദ്ധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി വർക്ക് ഷോപ്പുകൾ നവീകരിക്കുന്നതിനായി സെൻട്രൽ /റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യ ഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിലെ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണസംവിധാനവും, ആധുനിക ടൂൾസ് & എക്യുപ്മെന്റ്സ് ലഭ്യമാക്കി കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2024-2025, 2025-2026 എന്നീ കാലയളവിൽ സർക്കാർ അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് കാലപഴക്കം ചെന്ന ബസ്സുകൾക്ക് പകരംകൂടുതൽ യാത്രാസൗകര്യങ്ങൾ ഉള്ള 269 എണ്ണം ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകി. ആയതിൽ 138 ബസുകൾ (KSRTC-111 & KSRTC – SWIFT –27) ഇതുവരെ ലഭ്യമായിട്ടുണ്ട്. 85 ബസ്സുകൾ നടപടികൾ പൂർത്തിയാക്കി സർവ്വീസിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ബസുകൾ ഉടൻ ലഭ്യമാക്കി സർവ്വീസിന് നൽകുന്നതാണ്.

2024-ൽ MACT കേസുകളിൽ 14.03 കോടി ലയബിലിറ്റി ഉണ്ടായിരുന്നതിൽ 2.43 കോടി രൂപ നൽകി തീർപ്പാക്കിയിട്ടുണ്ട്. ബാക്കി തുകകൾ നൽകി കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

കെഎസ്ആർടിസി. യിൽ ഡിജിറ്റലൈസേഷൻ നടപ്പിലാക്കിയതിന്റെ
ഭാഗമായി ഗതാഗത രംഗത്ത് നിലവിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു

**1.ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ:**

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിങ് സംവിധാനം പൂർണമായും ഡിജിറ്റ ലൈസ്ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയ്ഡ് ബേസ്ഡ് ടിക്കറ്റിങ്മെഷീനുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സംവിധാനം നടപ്പിലാക്കിയത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം ലഭ്യമാക്കാനും സാധിച്ചു. കൂടാതെ ബസ്സുകളുടെ തൽസമയ ട്രാക്കിംഗ് സംവിധാനം, ലൈവ് പാസഞ്ചർ ഇൻഡിക്കേറ്റർ, മൊബൈൽ ടിക്കറ്റുകളും യാത്രാ പാസുകളും, UPI പേയ്മെന്റ്, കാർഡ്പേയ്മെന്റ്, വാലറ്റ് പേയ്മെന്റ്, ചലോ പേ തുടങ്ങിയ ഡിജിറ്റൽ പേയ്മെന്റ് മോഡുകൾ, NCMC കാർഡ്/closed loop കാർഡ് തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റിങ് സൊല്യൂഷനിൽ ലഭ്യമാണ്. ഇതിന്റെ ഭാഗമായി ബസ്സുകളുടെ തത്സമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. "KSRTCചലോആപ്പ്" വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ മുൻ കൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും.

**2.ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം .**

വിദ്യാർത്ഥികൾക്ക് കൺസഷൻ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. www.concessionksrtc.com എന്ന വെബ്സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സിയുടെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക്, അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനായി SMS സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ വിജയകരമായി പ്രവർത്തിച്ച വരുന്നു. നിലവിൽ ഉപയോഗിച്ച് വരുന്ന പേപ്പർ രൂപത്തിലുള്ള കൺസഷൻ കാർഡുകൾ ആർ.എഫ്.ഐ.ഡി. കാർഡുകൾ ആക്കി മാറ്റിയിട്ടുണ്ട്.

**3.ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം & ലൈവ് ടിക്കറ്റിംഗ്.**

കെ.എസ്.ആർ.ടി.സി. യിലേക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും, ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും നൂതന സൗകര്യങ്ങളോടു കൂടിപരിഷ്കരിച്ച് ഓൺലൈൻ റിസർവേഷൻ

സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിങ്ങിനായി "enteksrtc neo OPRS" എന്ന മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്.

കെ.എസ്.ആർ.ടി.സിബസുകളിൽ ട്രിപ്പ് സ്റ്റാർട്ട് ചെയ്തതിനു ശേഷം ഒഴിവുള്ള സീറ്റുകളിൽ കെ.എസ്.ആർ.ടി.സി. യുടെ ഔദ്യോഗിക വെബ്സൈറ്റ്/APP മുഖേന സീറ്റുകൾ ബുക്ക് ചെയ്യാൻ സാധിക്കും എന്നതാണ് ലൈവ് ടിക്കറ്റിങ്ങിലൂടെ ഉദ്ദേശിക്കുന്നത്.

**4.സ്മാർട്ട് ട്രാവൽ കാർഡ്:**

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും യാത്രകൾ കൂടുതൽ സുഗമമാക്കാനും ചില്ലറയുടെ പ്രശ്നങ്ങൾ ഒഴിവാക്കാനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇത് വഴി മുൻകൂറായി പണം റീ ചാർജ്ചെയ്ത് യാത്ര ചെയ്യാനാകും. യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇത് വഴി പരിഹരിക്കപ്പെടും. പണം ചാർജ് ചെയ്യുന്നതിന് ആനുപാതികമായ ഓഫറുകളും ലഭിക്കുകയും ചെയ്യും. നിലവിൽ 1,33,777 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

**5.റെന്റൽ മാനേജ്മെന്റ് സിസ്റ്റം:**

കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റിതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണം ഇടപാടുകളും ഓൺലൈൻ വഴി കൈകാര്യം ചെയ്യുന്നതിന് റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്.

**6.സിസിടിവിയും ബ്ലിങ്കർ ലൈറ്റ് നടപ്പാക്കലും**

കേരളത്തിലെ എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെയും പൊതുജനങ്ങളുടെയും സുരക്ഷ വർധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള സി.സി.ടി.വി. ക്യാമറകൾക്ക് പുറമെ കെ.എസ്.ആർ.ടി.സി. ക്ക് സാമ്പത്തിക ബാധ്യത ഇല്ലാതെ ഒരു ഡിപ്പോയ്ക്ക് 6 സി.സി.ടി.വി. ക്യാമറകൾ എന്നനിലയിൽ സ്ഥാപിക്കുന്നതിനും ആയത് പരിപാലിക്കുന്നതിനും ഉള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ മുൻവശത്ത് അപകടമുന്നറിയിപ്പിനുള്ള ബ്ലിങ്കർ സിഗ്നലുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**7. കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്:**

കേരളത്തിനകത്ത് ഒരിടത്തു നിന്നും മറ്റൊരുടത്തേക്ക് 16മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും. നിലവിൽ 47 ഡിപ്പോകളിൽ ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മെച്ചപ്പെടുത്തിയ ട്രാക്കിംഗിനായി ഉപഭോക്തൃ ഐഡി പ്രൂഫ് ഇമേജുകൾ, ഒപ്പുകൾ, ലൊക്കേഷൻ മാപ്പിംഗ് എന്നിവയ്ക്കൊപ്പം തത്സമയ ഡെലിവറി അപ്ഡേറ്റുകൾ ഫീച്ചറുകളിൽ ഉൾപ്പെടുന്നു. കൂടാതെ "Door toDoor Pick Up & Delivery" (വാതിൽപടി സേവനങ്ങൾ) നടപ്പിലാക്കി വരുന്നു.

**<u>8.സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം (എം.എൽ.എ ഫണ്ട്-ഉപയോഗിച്ച്):</u>**

എം.എൽ.എ. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ യൂണിറ്റിലും കമ്പ്യൂട്ടർ വൽ
ക്കരണം നടപ്പിലാക്കും. 'കെഎസ്ആർടിസി കമ്പ്യൂട്ടർവൽക്കരണം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2024 -25 വർഷത്തേക്ക് പ്രസ്തുത പദ്ധതിക്ക് ഫണ്ട് നൽകാൻ ആഗ്രഹിക്കുന്ന ബഹു. എം.എൽ.എ. മാർക്ക് അവരുടെ പ്രത്യേക വികസന നിധിയിൽ നിന്നും ഒരു നിയമസഭാമണ്ഡലത്തിന് പരമാവധി പത്ത് ലക്ഷം രൂപയും ഒരു ഡിപ്പോയ്ക്ക് പരമാവധി 7,24,000/- രൂപയും അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച 28 യൂണിറ്റുകളിൽ ഇതുമായി ബന്ധപ്പെട്ടുള്ള ഹാർഡ്‌വെയർ സ്ഥാപിക്കുകയും 22യൂണിറ്റുകളിൽ ഇ-ഓഫീസ് സംവിധാനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് യൂണിറ്റുകളിലും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ തിരു: സ്റ്റാഫ് ട്രെയിനിങ് സെന്ററിലും, ഇ -ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**<u>9.കസ്റ്റമർ കെയർ പോർട്ടൽ</u>**

കെ.എസ്.ആർ.ടി.സി.യുടെ ചീഫ് ഓഫീസിൽ പ്രവർത്തിക്കുന്ന ഓപ്പറേഷൻസ് കൺട്രോൾ റൂമിൽ വിളിക്കുന്ന പരാതിക്കാരന്/പരാതിക്കാരിക്ക് അവരുടെ പരാതികൾ ടിക്കറ്റ് ആയി ജനറേറ്റ് ചെയ്യുകയും ആയത് എസ്.എം.എസ്. ആയി ലഭിക്കുകയും ചെയ്യും. കൂടാതെ പ്രസ്തുത പരാതി കൈമാറിയിട്ടുള്ള ഉദ്യോഗസ്ഥന്റെ വിവരങ്ങളും എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്. പ്രസ്തുത സംവിധാനം

നടപ്പിലാക്കിയത് വഴി പൊതുജനങ്ങളുടെ പരാതികൾ അതിവേഗം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**10. ഇന്ധനക്ഷമത കണക്കാക്കുന്നതിനുള്ള പ്രോഗ്രാം**

കെ.എസ്.ആർ.ടി.സി.,കെ.എസ്.ആർ. ടി.സി സ്വിഫ്റ്റ് ജീവനക്കാരുടെ KMPL കണക്കാക്കുന്നതിനു വേണ്ടി യൂണിറ്റുകളിൽ നിന്നും ഡീസൽ, കിലോമീറ്റർ തുടങ്ങിയ വിവരങ്ങൾ ഡേറ്റ എൻട്രി ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറും, കൂടാതെ ഈ വിവരങ്ങൾ പുനഃപരിശോധന നടത്തുന്നതിനുമുള്ള ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

**11. ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം**

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ് അറ്റകുറ്റപ്പണിയുമായിബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും. പ്രിവന്റീവ്/റുട്ടീൻ മെയിന്റനൻസ്, ബ്രേക്ക്ഡൗൺ മെയിന്റനൻസ്, ആക്സിഡന്റ് മെയിന്റനൻസ്, ഡ്രൈവർമാർ റിപ്പോർട്ട് ചെയ്ത ബസുകളും ആയി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കൽ എന്നിവ സിസ്റ്റത്തിന് കീഴിൽ ഉൾക്കൊള്ളുന്ന അറ്റ കുറ്റപ്പണികളിൽ ഉൾപ്പെടുന്നു. മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും. ടയർ, ലൂബ്രിക്കന്റ്, മറ്റെല്ലാ സ്പെയർ പാർട്സ് എന്നിവയുടെ സംഭരണത്തിനായി കെ.എസ്.ആർ.ടി.സി. കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പിന്തുടരുന്നത്. ടി സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈൻ ആയിതന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും.

**12. ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ:**

ടോൾ പ്ലാസകളിൽ ഫാസ്റ്റാഗിന്റെ ഫീസ് അടയ്ക്കുന്നതിനായി "മോട്ടോ ഫ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ്" എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സിക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത്. ടി സ്ഥാപനം ടോൾ പ്ലാസകളിലെ ഫാസ്റ്റ് ടാഗ് പെയ്മെൻറ്കളിലെ റിട്ടേൺ യാത്രാ നിരക്ക് കണക്കുകൂട്ടൽ പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്ക് കൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും ഫാസ്റ്റാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് വിവാദ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും, തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ

കെ.എസ്.ആർ.ടി.സി യുമായി പങ്കിട്ടുകയും അതുവഴി വരുമാന ചോർച്ച തടയുവാനും സാധിക്കും.

13.**ഡ്രൈവിംഗ് സ്കൂൾ**

കെ എസ് ആർ ടി സിയിലെ ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് കെ എസ്ആർ ടി സി ഡ്രൈവിംഗ് സ്കൂൾ. പൊതുജനങ്ങൾക്ക് കാര്യക്ഷമവും മെച്ചപ്പെട്ടതുമായ ഡ്രൈവിംഗ്
പരിശീലനം കുറഞ്ഞ ചെലവിൽ നൽകുക എന്ന ലക്ഷ്യത്തോടെയാണ് കെ എസ്ആർ ടി സി ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുള്ളത് .1 8 ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനംആരംഭിച്ചിട്ടുണ്ട്. 4 ഡ്രൈവിംഗ് സ്കൂളുകൾ കൂടി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

14.**കെഎസ്ആർടിസി ഡ്രൈവിംഗ്സ്കൂൾ മാനേജ്മെൻറ് സിസ്റ്റം:-**

പൊതുജനങ്ങൾക്ക ഡ്രൈവിംഗ് ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ഡ്രൈവിംഗ് പരിശീലനം നേടുന്നതിനും കെഎസ്ആർടിസി ഡ്രൈവിംഗ് സ്കൂൾ മാനേജ്മെൻറ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട് . ടി സംവിധാനം നടപ്പിലാക്കിയത് വഴി ഓൺലൈൻ രജിസ്ട്രേഷൻ, ഫീസ് അടയ്ക്കൽ, പഠന സാമഗ്രികളുടെ ഡൗൺലോഡ്, മോക്ക് ടെസ്റ്റ്സൗകര്യം, ബാക്ക്-എൻഡ് മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ ചെയ്യുവാൻ സാധിക്കും.

കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രക്കാർക്കുള്ള വിവര സംവിധാനം (Passenger information System), എല്ലാ ബസ്സ്റ്റേഷനുകളിലും കുപ്പിവെള്ള പദ്ധതി, റെസ്റ്റോറന്റ് സൗകര്യം, ദീർഘദൂര യാത്രക്കാർക്ക് നിലവാരമുള്ള ഡൈനിംഗ് നൽകുന്നതിനായി Wayside ഹോട്ടലുകൾ, പ്രധാന ബസ് സ്റ്റേഷനുകളിൽ യാത്രാക്കാർക്കായി VIVO യുടെ കാത്തിരിപ്പ് കേന്ദ്രം, എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ബസ് സ്റ്റേഷനുകളിലെ പൊതു ടോയ്ലറ്റുകൾ, സുലഭ് ഇന്റർനാഷണലിന് കൈമാറി വൃത്തിയുള്ള ശൗചാലയങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 12/2023വരെ 114 കടമുറികൾ ഒഴിഞ്ഞു കിടന്നതിൽ 1/2024മുതൽ 8/2025 വരെയുള്ള കാലയളവിൽ വിവിധങ്ങളായ നടപടികളിലൂടെ 42 കടകൾ ടെണ്ടർ ചെയ്ത് ലൈസൻസികൾക്ക് നൽകിയിട്ടുണ്ട്. ആയതിലൂടെ പ്രതിമാസം 3.68 ലക്ഷം രൂപ വരുമാന വർദ്ധനവ് വന്നിട്ടുണ്ട്. 12/202-ന് ശേഷം ഡിപ്പോകളിലെ ഒഴിഞ്ഞുകിടന്ന സ്ഥലം

കണ്ടെത്തി Sq.Ft അടിസ്ഥാനത്തിൽ 56സ്റ്റാളുകൾക്ക് സ്ഥലംവാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതിലൂടെ 21.17 ലക്ഷം രൂപ പ്രതിമാസം വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട് .യൂണിറ്റ് പരിസരങ്ങളിൽ ഒഴിഞ്ഞു കിടന്ന സ്ഥലങ്ങളിൽ പേ & പാർക്ക്-ന് സ്ഥലം അനുവദിക്കുകയും ആയതിലൂടെ 4.63 ലക്ഷം രൂപ പ്രതിമാസം വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. അത്തരത്തിൽ കടകൾ, സ്റ്റാളുകൾ, പേ & പാർക്ക് എന്നിവയിലൂടെ നിലവിൽ പ്രതിമാസം 29.48 ലക്ഷം അധിക വരുമാനം നേടുവാൻ കഴിഞ്ഞു.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ സൗന്ദര്യ വൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിംഗ് നടത്തി വരുന്നു. പുനലൂർ , നെടുമങ്ങാട്, വിഴിഞ്ഞം എന്നിവിടങ്ങളിൽ ആയത് പൂർത്തികരിച്ചു. പ്രധാന ബസ് സ്റ്റേഷനുകളിലെ ബസ് ബേകളിൽ ബസുകൾ എത്തിച്ചേരുന്നതിന്റെയും പുറപ്പെടുന്നതിന്റെയും വിവരങ്ങൾ യാത്രക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ Standy Model Digital Signage System നടപ്പിലാക്കാൻ ധാരണ ആയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. യിലെ പ്രധാനപ്പെട്ട ബസ് സ്റ്റാന്റുകളിൽ യാത്രക്കാർക്ക് സുരക്ഷിതമായി ലഗേജ് സൂക്ഷിക്കുന്നതിന് ഡിജിറ്റൽ ക്ലോക്ക് റൂം എന്ന പദ്ധതി ആവിഷ്കരിച്ച് തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. മൂന്നാർഡിപ്പോയിൽ ടിക്കറ്റിതര വരുമാന വർദ്ധനവിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഫുഡ്ഹബ് പ്രവർത്തിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മാലിന്യ മുക്ത നവ കേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. യിലെ എല്ലാ ഡിപ്പോകളും വർക്ക് ഷോപ്പുകളും മാലിന്യ മുക്തമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യിയുടെ ഡിപ്പോകളിലും വർക്ക്ഷോപ്പുകളിലും, വർഷങ്ങളായി കെട്ടികിടക്കുന്ന ലെഗസി വേസ്റ്റുകൾ (Rexin,Glass etc) സർക്കാർ ഉടമസ്ഥതതയിലുള്ള Clean Kerala Company മായി ധാരണാപത്രം ഒപ്പ് വച്ച് വലിയ തോതിൽ നീക്കം ചെയ്തിട്ടുണ്ട്. സ്പോൺസർഷിപ് വഴി മാലിന്യ ശേഖരണ സംവിധാനങ്ങൾ മലിന ജലസംസ്കരണ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കെ.എസ്.ആർ.ടി.സി സ്വന്തമായി വികസിപ്പിച്ച ഓയിൽ വേർതിരിക്കുന്നതിനുള്ള സംവിധാനത്തോട് കൂടിയ ബസ് വാഷിംഗ് റാമ്പ് തിരുവനന്തപുരം സെൻട്രലിൽ നടപ്പിലാക്കിയിട്ടുണ്ട്.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതൽ മുടക്കില്ലാതെ പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇതുവരെ 15 ഇന്ധന വിതരണ ഔട്ട്‌ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുരുവായൂർ യാത്രാഫ്യൂവൽസ് ഔട്ട് ലെറ്റിൽ ഒരു സിഎൻജി സ്റ്റേഷനും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ ഏറ്റവും വലിയ ഇന്ധനവിതരണ ഔട്ട്‌ലെറ്റ്ശൃംഖലയാകാൻ കെ.എസ്.ആർ.ടി.സി.യ്ക്ക്കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ പൊതുഗതാഗത രംഗത്ത് എന്നതുപോലെ ഇന്ധനവിതരണ രംഗത്തും കെ.എസ്.ആർ.ടി.സി–യാത്രാഫ്യൂവത്സിനെ ഒരു പ്രമുഖ ഇന്ധന വിതരണശൃംഖലയായി പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്രതിദിനം ശരാശരി 250 KL ഡീസലാണ് യാത്രാഫ്യൂവൽസിൽ നിന്നുംകെ.എസ്.ആർ.ടി.സിബസ്സുകൾക്ക് നൽകിവരുന്നത്. പൊതുജനങ്ങൾക്ക് യാത്രാഫ്യൂവൽ ഔട്ട്‌ലെറ്റുകൾ മുഖേന ഇന്ധനവിതരണം നടത്തിയതിലൂടെ 2023-2024 സാമ്പത്തിക വർഷത്തിൽ 45.63ലക്ഷം രൂപയുടെ സാമ്പത്തികലാഭം ഉണ്ടായിരുന്നത് 2024-2025 സാമ്പത്തിക വർഷത്തിൽ ഒരു കോടി പതിനാറ് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും 2025 ഏപ്രിൽ മുതൽ ജൂലൈ വരെ 73.11 ലക്ഷം രൂപയുടെ ലാഭവും ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി യുടെ വരുമാനംവർദ്ധിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. കുറഞ്ഞ ചിലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുകയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി നടപ്പാക്കിവരുന്നത്.

തിരുവനന്തപുരം, എറണാകുളം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ ഡബിൾ ഡെക്കർ ബസുകളുടെ സിറ്റിറൈഡ് സർവീസുകൾ ആരംഭിച്ചു. ഡബിൾ

ഡെക്കർ യാത്രകൾക്കായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിച്ചു.

വിവാഹം, തീർഥാടനം തുടങ്ങിയ സ്വകാര്യ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി ബസുകൾ പ്രൈവറ്റ് ഹയർ /ചാർട്ടേർഡ് അടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്നുണ്ട്. നിലവിൽ ലഭ്യമായ സ്പെയർ ബസുകൾ ഉപയോഗപ്പെടുത്തിയും, ഡെഡ് ട്രിപ്പുകൾ ഒഴിവാക്കുന്ന സമയത്ത് വരുമാന ലഭ്യത ഉറപ്പ് വരുത്തികൊണ്ട് ഓപ്പറേറ്റ് ചെയ്യും അധികവരുമാനത്തോടൊപ്പംപൊതുജനങ്ങളുടെ സ്വകാര്യ ആവശ്യങ്ങൾക്ക് കുറഞ്ഞ ചെലവിൽ ബസ് നൽകുവാനും സാധിക്കുന്നുണ്ട്.

KSRTC-സ്വിഫ്റ്റിന്റെ 165 ഇലക്ട്രിക്ക് ബസ്സുകളും, 305 സൂപ്പർ ക്ലാസ് ഡീസൽ ബസ്സുകൾ ഉൾപ്പടെ 470 ബസ്സുകൾ KSRTC സർവീസ് നടത്തി വരുന്നു. ഇതിന് പുറമേ 2 എണ്ണം എ.സി. സ്ലീപ്പർ (വോൾവോ), 3 എ.സി. സീറ്റർ, 4 എ.സി.സ്ലീപ്പർ ബസുകൾ, 10 എസി പ്രീമിയം സൂപ്പർ ഫാസ്റ്റ്ബസുകൾ ഉടൻ ലഭ്യമാകുന്നതാണ്. യാത്രക്കാർക്ക് മികവുറ്റ യാത്രാ സൗകര്യംനൽകുന്നതിനായി ആധുനിക സൗകര്യങ്ങൾ ആയ പുഷ്ബാക്ക് റിക്ലൈനിങ്സീറ്റ്/ ബെർത്ത്, മൊബൈൽ ചാർജിങ് പോയിന്റ്, വൈഫൈ സൗകര്യം, റീഡിങ് ലാമ്പുകൾ, ബോട്ടിൽ ഹോൾഡറുകൾ, മാഗസിൻപൌച്ച്, മ്യൂസിക് സിസ്റ്റം, TV, CCTV ക്യാമറ,എയർ സസ്പെൻഷൻ തുടങ്ങിയ സൗകര്യങ്ങളോട് കൂടിയ എ.സി. സീറ്റർ / സ്ലീപ്പർ / സീറ്റർകം സ്ലീപ്പർ ബസുകൾ ആണ് പുതുതായി നിരത്തിൽ ഇറക്കിയിട്ടുള്ളത്.

**മോട്ടോർ വാഹന വകുപ്പ്**

പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായും മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായും ഈ മൊബിലിറ്റി ഫണ്ട് ഉപയോഗിച്ച് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റമായ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് പ്രതിവർഷം ആയിരം പേർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. പൊതു ജനങ്ങളെ പൊതു ഗതാഗതം സംവിധാനം ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കുവാനായി ടൂറിസ്റ്റ് വാഹനങ്ങളുടെ സീറ്റുകളുടെ ടാക്സ് ഏകീകരിച്ചു നൽകി. ഇതിലൂടെ എല്ലാ ടൂറിസ്റ്റ് വാഹനങ്ങളിലും പുഷ്ബാക്ക് സീറ്റുകൾ ഘടിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകി. പബ്ലിക് ട്രാൻസ്പോർട്ട് വാഹനങ്ങൾ ഉപയോഗിക്കുന്ന പൊതു ജനങ്ങളുടെ സുരക്ഷയ്ക്കായി ട്രാൻസ്പോർട്ട് വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് ലൊക്കേഷൻ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി വാഹനങ്ങളുടെ

ചലന ദിശ, വേഗത എന്നിവ നിരീക്ഷിക്കാനായി സെൻട്രൽ കൺട്രോൾ റൂമും സ്ഥാപിച്ചിട്ടുണ്ട്. അമിതവേഗതയിൽ വാഹനങ്ങൾ ഓടിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായി വാഹനങ്ങളിൽ സ്പീഡ് ഗവർണറുകൾ ഘടിപ്പിച്ചിട്ടുണ്ട്. പ്രൈവറ്റ് ബസുകളിലെ യാത്രക്കാരുടെ സുരക്ഷയ്ക്കായി വാഹനം ഓടിക്കുന്ന ഡ്രൈവർ, കണ്ടക്ടർ മുതലായവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിഷ്കർഷിച്ചിട്ടുണ്ട്. പൊതു ഗതാഗതത്തിന്റെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനായി പ്രൈവറ്റ് ബസ്സുകൾ, ടൂറിസ്റ്റ് ബസുകൾ , സ്കൂൾ ബസുകൾ എന്നിവയിൽ ക്യാമറകൾ സ്ഥാപിക്കുവാൻ ആരംഭിച്ചു. പൊതു ഗതാഗതം മെച്ചപ്പെടുത്തുവാനും ജനങ്ങളുടെ സുരക്ഷയ്ക്കുമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചു. അതുവഴി സംസ്ഥാനത്ത് അപകട മരണങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. പ്രൈവറ്റ് ബസുകൾ തമ്മിലുള്ള മത്സരയോട്ടം ഒഴിവാക്കുവാനും അതുവഴി അപകടങ്ങൾ കുറയ്ക്കാനുമായി ബസുകൾ തമ്മിൽ ഓടുന്ന സമയക്രമം ടൗണുകളിൽ അഞ്ചു മിനിറ്റ് മറ്റ് സ്ഥലങ്ങളിൽ 10 മിനിറ്റ് ആയി നിജപ്പെടുത്തി. പൊതു ഗതാഗതം പ്രോത്സാഹിപ്പിക്കുന്ന ഭാഗമായി കേരള സവാരി എന്ന പുതിയ ആപ്പ് പൊതു ജനങ്ങൾക്കായി രൂപീകരിച്ചു വരുന്നു ട്രാഫിക്ക് നിയമ ലംഘനങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് നേരിട്ട് നിയമ ലംഘനങ്ങൾ അവരുടെ മൊബൈൽ ഫോൺ വഴി പകർത്തി റിപ്പോർട്ട് ചെയ്യുന്നതിനായ CIVIC EYE APP എന്ന പുതിയ മൊബൈൽ ആപ്ലിക്കേഷൻ പൊതുജനങ്ങൾക്ക് സുഗമമായി കൈകാര്യം ചെയ്യാൻ പ്രാപ്തമാക്കി. സംസ്ഥാന അതിർത്തികളിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കടന്നുവരുന്ന വാഹനങ്ങൾക്കും കേരളത്തു നിന്ന് പുറത്തുവരുന്ന വാഹനങ്ങൾക്കും ചെക്ക് പോസ്റ്റുകളിൽ നേരിട്ടുകൊണ്ടിരുന്ന കാലതാമസം ഒഴിവാക്കുവാനും സുഗമമായ വാഹന ഗതാഗതത്തിനുമായി ജി.എസ്.ടി. വകുപ്പുമായി സഹകരിച്ച് എ.എൻ.പി.ആർ. ക്യാമറകൾ ഉപയോഗിച്ചു കൊണ്ടുള്ള വെർച്ചൽ ചെക്ക് പോസ്റ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡ് സുരക്ഷാ ഗതാഗത നിയമങ്ങൾ, സുരക്ഷിതമായി ഡ്രൈവിംഗ് രീതികൾ, കാൽനടക്കാരിൽ അവബോധം നൽകുക എന്നിവയ്ക്കുവേണ്ടി ഉപഭോക്തൃ സൗഹൃദപരമായ രീതിയിൽ ലീഡ്സ് ആപ് എന്ന സംവിധാനം നിർമ്മിച്ചിരിക്കുന്നു.

**ജലഗതാഗത വകുപ്പ്**

പഴയ തടി ബോട്ടുകൾക്ക് പകരം സോളാറിൽ പ്രവർത്തിക്കുന്ന ഫൈബർ ബോട്ടുകളുടെ വരവ്, യാത്രാബോട്ടുകളിലേക്ക് കൂടുതൽ യാത്രികരെ ആകർഷിക്കുന്ന തരത്തിൽ ജലഗതാഗതത്തെ മെച്ചപ്പെടുത്തിയ നേട്ടങ്ങളിൽ ഒന്നാണ്. വകുപ്പ് ആദ്യമായി നിർമ്മിച്ച 75 pax കപ്പാസിറ്റിയുള്ള "ആദിത്യ" സോളാർ ബോട്ട്, സോളാർ ബോട്ടുകളുടെ നിർമ്മാണത്തിലേക്കുള്ള വകുപ്പിന്റെ ആദ്യ ചുവടുവയ്പായിരുന്നു. ഏഷ്യയിലെ ആദ്യത്തെ സോളാർ ഫെറിക്കുള്ള "ഗസ്റ്റേവ് ട്രോബ്" പുരസ്കാരം ടി ഫെറിക്ക് ലഭ്യമായ സാഹചര്യത്തിൽ കൂടുതൽ ബോട്ടുകൾ സോളാറിലേക്ക് മാറ്റപ്പെടുകയും, അതുവഴി പരമാവധി പരിസ്ഥിതി മലിനീകരണവും വായു മലിനീകരണവും ശബ്ദമലിനീകരണവും കുറച്ചുകൊണ്ട് കായൽ സൗന്ദര്യം നുകർന്ന് യാത്രചെയ്യാൻ സാധിക്കുന്നത് സാധാരണക്കാരായ യാത്രക്കാർക്ക് ഏറെ ആശ്വാസകരമാണ്.

100, 80, 75, 30 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള യാത്ര ബോട്ടുകൾ കൂടാതെ വാട്ടർ ടാക്സി, വാട്ടർ ആംബുലൻസ്, ഡിങ്കി ബോട്ടുകൾ, റസ്ക്യൂ ബോട്ടുകൾ എന്നിവ നവകേരളത്തിന്റെ സാമൂഹ്യാന്തരീക്ഷത്തിനു ഉതകുന്ന തരത്തിൽ അടിയന്തിരഘട്ടങ്ങളിൽ ജനങ്ങളുടെ രക്ഷാമാർഗ്ഗങ്ങൾക്കും മറ്റും ഉപയോഗപ്പെടുത്താവുന്ന തരത്തിൽ സജ്ജമാക്കിയിട്ടുള്ളവയാണ്. ബോട്ടുകളിൽ സൂക്ഷിച്ചിട്ടുള്ള അത്യാധുനിക നിലവാരം ഉള്ള ലൈഫ് ജാക്കറ്റുകൾ അടിയന്തിരഘട്ടങ്ങളിൽ യാത്രക്കാർക്ക് ഉപയോഗിക്കാവുന്ന തരത്തിൽ സജ്ജമാക്കിയിരിക്കുന്നു.

**<u>ടൂറിസം സർവീസുകൾ</u>**

2024 വർഷാരംഭത്തിൽ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ആദ്യത്തെ സോളർ ക്രൂയിസ് ആയ 'ഇന്ദ്ര' ടൂറിസ്റ്റ് ബോട്ട് സർവീസ് ആരംഭിക്കാൻ സാധിച്ചത് എറണാകുളം മേഖലയിലെ വിനോദസഞ്ചാര മേഖലക്ക് ഒരു നാഴിക കല്ലായി മാറിയിട്ടുണ്ട്. 100 പാസഞ്ചർ കപ്പാസിറ്റിയുള്ള പൂർണ്ണമായും ശീതീകരിച്ച 'ഇന്ദ്ര' ബോട്ട് അന്താരാഷ്ട്ര നിലവാരത്തിൽ IRS ക്ലാസിലാണ് നിർമിച്ചിട്ടുള്ളത്.

ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചു കൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന

| | | | |
|---|---|---|---|
| | | | ഉദ്ദേശത്തോടെയുമാണ് വകുപ്പ് "വേഗ" സർവീസ് ആരംഭിച്ചത്. വിനോദസഞ്ചാരവും അതോടൊപ്പം യാത്രാ സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രാക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് "സീ-കുട്ടനാട്" എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു.<br><br>കൊല്ലം ജില്ലയിൽ, അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി `സാധാരണക്കാർക്കും ടൂറിസ്റ്റുകൾക്കും ഒരുപോലെ ഉപകാരപ്പെടുന്ന രീതിയിൽ രണ്ട് ഡെക്കുകൾ ഉള്ള IRS നിലവാരത്തിലുള്ള സീ-അഷ്ടമുടി പാസ്സഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് സർവ്വീസ് ആരംഭിച്ചതോടെ കൊല്ലം ജില്ലയിലെ കായൽ ടൂറിസം പദ്ധതിക്ക് വകുപ്പ് ആരംഭം കുറിച്ചു. ബോട്ടുകളിലെ യാത്ര പാസ്സുകളിൽ ഭിന്നശേഷി യാത്രക്കാർക്കുള്ള യാത്ര പാസ്സുകൾ ഓൺലൈൻ സംവിധാനത്തിലേക്ക് ആക്കാൻ സാധിച്ചു. നഗരങ്ങളിലും, ഗ്രാമങ്ങളിലും "ലാസ്റ്റ് മൈൽ കണക്ടിവിറ്റി" ഉറപ്പാക്കുക എന്നതാണ് പാസ്സഞ്ചർ സർവീസ് ലക്ഷ്യം വയ്ക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ ഗ്രാമീണ പാതകളിൽ സ്വകാര്യ ബസുകൾക്ക് ഉൾപ്പെടെ അനുമതി നൽകി യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന പുതിയ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ ഗ്രാമീണ പാതകളിൽ യാത്രക്കാരുടെ ആവശ്യം പരിഗണിച്ചും സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്തും കെ.എസ്.ആർ.ടി.സി. ആവശ്യാനുസരണം സർവീസ് നടത്തി വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് യാത്ര സൗകര്യം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് വിവിധ ജില്ലകളിൽ കെഎസ്ആർടിസി/ പ്രൈവറ്റ് ബസ്സുകൾ സർവീസ് നടത്താത്തത് മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേക്ക് പ്രസ്തുത റൂട്ടുകൾ കണ്ടുപിടിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം ലഭിച്ച റിപ്പോർട്ടിലെ റൂട്ടുകൾ ഉൾപ്പെടുന്ന പ്രദേശത്തെ അധികാര പരിധിയിലുള്ള എം.എൽ.എ, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി പ്രതിനിധികൾ, പൊതുപ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ പ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിച്ച് ജനകീയസദസ് നടത്തുവാൻ തീരുമാനം കൈക്കൊള്ളുകയും ആയത് സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറെ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. അപ്രകാരം യാത്ര സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ആകെ പുതിയ 503 റൂട്ടുകൾ തിരഞ്ഞെടുത്ത് സമർപ്പിച്ച പ്രോപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ